# Mathrubhumi

# 22 August 2018

# Angamaly, After Flood, Flood Victims

## തകർന്നത് പൊരുതി നേടിയ ജീവിതം

പി.പി. ഷൈജു
അങ്കമാലി

▸ 25 വർഷം മുമ്പ് ക്ഷയം ബാധിച്ച് ഭർത്താവ് മരിച്ചപ്പോൾ കൈക്കുഞ്ഞുങ്ങളുമായി ജീവിതത്തിനു മുന്നിൽ തരിച്ചുനിന്നതാണ് മേരി. ഒടുവിൽ സ്വപ്രയത്നത്താൽ ദുരിതങ്ങൾ നീന്തിക്കടന്നു. ഒരുവിധം കരപറ്റിയെന്നു തോന്നിയപ്പോഴാണ് പ്രളയം വീണ്ടും മേരിക്കു മുന്നിൽ ദുരിതമായി പെയ്തിറങ്ങിയിരിക്കുന്നത്.

പ്രളയത്തിൽ മേരിയുടെ വീട് മുങ്ങി. വ്യാഴാഴ്ച മേരി യും മക്കളും ദുരിതാശ്വാസ ക്യാമ്പിലേക്കു മാറി. ചൊവ്വാഴ്ച വീട്ടിൽ തിരിച്ചെത്തിയപ്പോഴാണ് സർവതും നശിച്ചുകിടക്കുന്നതായി കാണുന്നത്. ഒരു തുള്ളി വെള്ളം കുടിക്കാൻ പോലും പറ്റാതെ കിണറും ഇടിഞ്ഞുതാണു. ജീവിതത്തോട് പൊരുതി നേടിയതെല്ലാം നിമിഷങ്ങൾകൊണ്ട് തകർന്നതു കണ്ട് തളർന്നിരുന്നുപോയി മേരി.

ചമ്പന്നൂർ കണ്ണമ്പുഴ വീട്ടിൽ പരേതനായ ജോസിന്റെ ഭാര്യയാണ് മേരി. മൂത്ത മകൻ മാർട്ടിന് അഞ്ച് വയസ്സും ഇളയ മകൻ ജിജോയ്ക്ക് ഒരു വയസ്സുമുള്ളപ്പോഴാണ് ജോസ് മരിക്കുന്നത്. മേരിയുടെ വീട്ടിലേക്ക് വഴിയുണ്ടായിരുന്നില്ല. പാടവരമ്പിലൂടെ നടന്നാണ് വീട്ടിലെത്തിയിരുന്നത്. കുട്ടാടൻകുഴി പാടശേഖരത്തിനു സമീപത്താണ് വീട്. വീടിന്റെ പണികൾ പൂർത്തിയായിട്ടുമില്ല. കിണർ ഇടിഞ്ഞുതാഴ്ന്നതിനാൽ ഇനി ഏറെദൂരം താണ്ടി വെള്ളം തലച്ചുമടായി കൊണ്ടുവരേണ്ടി വരും.



▶ ഇടിഞ്ഞുതാഴ്ന്ന കിണറിനരികിൽ മേരി